**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1443      20.01.2014-ലെ മറുപടിക്ക്

**തുക നൽകാത്തതിനാൽ കരാറുകാർ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാത്ത സാഹചര്യം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ.കോടിയേരി ബാലകൃഷ്ണൻ** | | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പൊതു കരാർ പ്രവൃത്തികളുടെ അന്തിമ ബിൽ സമർപ്പിച്ചിട്ടും തുക നൽകാത്തതിനാൽ കരാറുകാർ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാതെ പൊതു നിർമ്മാണ പ്രവൃത്തികൾ നിലയ്ക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ; | (എ) | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നടത്തുന്ന പ്രവൃത്തികളുടെ പെന്റിംഗ് ബിൽസ് ഉള്ളതിനാൽ പ്രവർത്തികൾ ഏറ്റെടുക്കാൻ കരാറുകാർ മടിക്കുന്ന സാഹചര്യമുണ്ട്. ദേശീയ പാതാ വിഭാഗം, നിരത്തുകളും പാലങ്ങളും വിഭാഗം, കെ.എസ്.റ്റി.പി. എന്നിവിടങ്ങളിലെ പൊതുനിർമ്മാണ പ്രവൃത്തികൾ നിലയ്ക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം കരാറുകാർക്ക് പ്രവൃത്തി പൂർത്തീകരിച്ച ഇനത്തിൽ എത്ര തുക നൽകാനുണ്ടെന്ന് വിശദമാക്കാമോ; | (ബി) | കെട്ടിട വിഭാഗം 7/13 മുതൽ 11/13 വരെ 208.92 കോടി രൂപയും ദേശീയ പാതാ വിഭാഗത്തിൽ ഈ സാമ്പത്തിക വർഷം 21.54 കോടി രൂപയും നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 7/2013 മുതൽ 11/2013 വരെയുള്ള മാസങ്ങളിലായി 491.07 കോടി രൂപയും കരാറുകാർക്ക് നൽകാനുണ്ട്. |
| (സി) | ഓരോ പ്രവൃത്തിയുടെയും തുക എത്ര മാസക്കാലമായി കുടിശ്ശിക ആണെന്ന് വിശദമാക്കാമോ? | (സി) | നിരത്തു പാലങ്ങളും വിഭാഗത്തിലും കെട്ടിട വിഭാഗത്തിലും 7/11 മുതൽ 11/13 വരെയുള്ള കുടിശ്ശികയുണ്ട്. ദേശീയ പാതാ വിഭാഗത്തിൽ 11/2013 മുതൽ രണ്ട് മാസകാലയളവിലെ പ്രവൃത്തികളുടെ തുക കുടിശ്ശികയാണ്. |

**സെക്ഷൻ ഓഫീസർ**